24-04-2007
Vol-1,N0:2

*Kerala Catholic Bishop's Council's*

# *Commission for Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. പ്രായമായവർക്കു വേി ജീവനാംശ ബിൽ പാർലമെന്റിൽ.
02. കാത്തലിക്ക് സഭയുടെ എഞ്ചി. കോളേജിൽ ബി. പി എൽ വിഭാഗത്തിനു സൗജന്യ വിദ്യാഭ്യാസം.
03. മദ്യനയം മദ്യപ്രളയം സൃഷ്ടിക്കും.
04. കാലം മാറുന്നു; കളളനും.
05. സ്വാശ്രയ പ്രവേശനം സർക്കാർ റാങ്ക് പട്ടികയിൽ നിന്നും വേണം.

## 01. പ്രായമായവർക്കു വേി ജീവനാംശ ബിൽ പാർലമെന്റിൽ.

പ്രായമായവരെ സംരക്ഷിക്കാൻ മടിക്കുന്ന മക്കളെയും ഉറ്റ ബന്ധുക്കളെയും നിയമത്തിനു മുമ്പിൽ കൊു വരുന്നതിനുളള ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. മാതാപിതാക്കൾക്കും പ്രായം ചെന്ന വർക്കും വേയുളള ജീവനാംശ-ക്ഷേമ ബിൽ-2007 പ്രകാരം, കൈമാറികൊടുത്ത സ്വത്ത് തിരിച്ചെടുക്കാനും ബിൽ അനുസരിച്ച് മുതിർന്ന പൗരന്മാർക്ക് അവകാശം ലഭിക്കും. വളർത്തി വലുതാക്കിയവരെ വയസ്സുകാലത്ത് കൈയൊഴിയുന്നവർക്ക് മൂന്നു മാസം വരെ തടവും 5,000 രൂപ പിഴയും ശിക്ഷ ലഭിക്കാം. പ്രവാസി ഇന്ത്യകാർക്കും നിയമം ബാധകമായിരിക്കും.

ജീവനാംശം കിട്ടാൻ ക്രിമിനൽ നടപടി ചട്ടപ്രകാരം ഇപ്പോഴും അറുപത് കഴിഞ്ഞവർക്ക് അവകാശമുങ്കെിലും, വ്യവസ്ഥകൾ കൂടുതൽ കർക്കശമാക്കുന്ന നിയമനിർമ്മാണം രാജ്യത്തെ എട്ടു കോടിയോളമുളള മുതിർന്ന പൗരന്മാർക്ക് നിയമപരിരക്ഷ നൽകാന സഹായിക്കും. നിയമം പ്രബാല്യത്തിൽ വന്നശേഷം ആസ്തി കൈമാറ്റം ചെയ്യ്ത് കൊടുക്കുകയും, എന്നാൽ പരിരക്ഷ കിട്ടാതിരിക്കുന്ന സംഭവങ്ങളിലാണ് പരാതിക്കാരന്റെ താത്പര്യപ്രകാരം അത്തരമൊരു കൈമാറ്റം അസാധുവായി പ്രഖ്യാപിക്കാൻ ട്രൈബ്യൂണിലിൽ അവകാശം നൽകി ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

## 02. കാത്തലിക്ക് സഭയുടെ എഞ്ചി. കോളേജിൽ ബി. പി എൽ വിഭാഗത്തിനു സൗജന്യ വിദ്യാഭ്യാസം.

കേരളത്തിൽ കത്തോലിക്ക സഭയുടെ കീഴിലുളള 10 എൻജി. കോളേജുകളിൽ ഈ അധ്യായന വർഷം ദാരിദ്ര്യരേഖയ്ക്ക് താഴെയുളള ( ബി. പി. എൽ ) വിദ്യാർത്ഥികൾക്ക് സൗജന്യവിദ്യാഭ്യാസം നൽകാൻ കേരള കത്തോലിക്ക് എൻജിനിയറിങ്ങ് കോളേജ് മാനേജ്മെന്റ്സ് അസോസിയേഷൻ തീരുമാനിച്ചു. ഒരു കോളേജിൽ പത്തു കുട്ടികൾക്ക് വരെയാണ് ഈ ആനുകൂല്യം. പട്ടികജാതി-വർഗക്കാർക്ക് പത്തുശതമാനം സീറ്റും ദളിത് ക്രിസ്താനികൾക്ക് അഞ്ച് ശതമാനം നീക്കിവയ്ക്കും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കാൻ എല്ലാ കോളേജുകളിലും പ്രത്യേക ഫ് രൂപീകരിക്കും. പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിൽ മാത്രമായിരിക്കും.

## 03. മദ്യനയം മദ്യപ്രളയം സൃഷ്ടിക്കും.

രാജ്യത്ത് മദ്യ ഉപയോഗത്തിൽ മുൻപന്തിയിലായ കേരളത്തിൽ പുതിയ നയം മദ്യപ്രളയംസൃഷ്ടിക്കും. ഇടതു സർക്കാരിന്റെ മദ്യനയം ജനത്തെ നശിപ്പിക്കുക എന്ന നയം എന്ന ലക്ഷ്യം വച്ചിട്ടുളളതാണ്.

കേരളത്തെ മദ്യത്തിൽ മുക്കികൊല്ലുന്ന മദ്യനയം എൽ. ഡി. എഫ് സർക്കാർ നിറുത്തണം. പുതിയ 1610 ഷാപ്പുകൾ തുറക്കാനാണ് സർക്കാർ തീരുമാനം. സ്പിരിറ്റ് മാഫിയക്ക് പണമുാക്കാനുളള അവസരം ഒരുക്കുകയാണ് ഇതിലേ ഗൂഡാലോചന. ജനം നശിച്ചാലും വേില്ല, പണം കിട്ടിയാൽ മതിയെന്ന നിലപാട് തിരുത്താൻ സർക്കാർ തയ്യാറാവണം. ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശക തത്വങ്ങളിൽ മദ്യ വർജ്ജനം നടപ്പാക്കാൻ സംസ്ഥാനങ്ങൾ ബാധ്യസ്ഥരാണെന്ന് എഴുതിച്ചേർത്തിട്ടുളളത് ഭരണകക്ഷികൾ കില്ലെന്ന് നടിക്കരുത്. സാമൂഹിക വ്യവസ്ഥിതിയെ അപകടപ്പെടുത്തുന്ന ഈ അവസ്ഥയ്ക്കെതിരേ വ്യക്തികളും സംഘടനകളും മുമ്പോട്ടു വരണം.

04. കാലം മാറുന്നു; കളളനും.

മോഷണങ്ങൾ രാത്രിയാണ് നടക്കുന്നതെന്ന നമ്മുടെ പരമ്പരാഗത സങ്കല്പത്തിൽ മാറ്റം വന്നു തുടങ്ങിയിരിക്കുന്നു എന്നാണ് സമീപകാല കേസുകൾ വ്യക്തമാക്കുന്നത്. മാന്യരായ സന്ദർശകരെപ്പോലെ പട്ടാപകൾ വീടുകളിലെത്തി മോഷണം നടത്തുന്ന സന്ദർഭങ്ങൾ പെരുകുകയാണ്. ചെറിയ മോഷണത്തിനായി പ്പോലും ആളുകളെ മുറിവേൽപിക്കാനും കൊല്ലാനും വരെ മടിയില്ലാത്ത മോഷ്ടാക്കളുടെ എണ്ണവും വർധിച്ചിരിക്കുന്നു. ഒരു കമ്മലിനോ, വളയ്ക്കോ വേി കാതും കയ്യും മുറിച്ചെടുക്കുന്നവർ മുതൽ അകാരണമായി ഇരകളെ വെട്ടിക്കൊല്ലുന്നവർ വരെ മോഷ്ടാക്കളുടെ കൂട്ടത്തിൽ ഇന്നേറെയു്. ഇവരിലധികവും കൗമാതക്കാരോ യുവാക്കളോ ആണെന്ന് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. സംഘം ചെർന്നുളള ഒരാഘോഷമായും ഇന്നു കവർച്ചകൾ മാറിയിരിക്കുന്നു. മോഷണം ഒരു ജീവിതോപാധി എന്ന നിലയിൽ നിന്ന് ഒരു വികാരമോ ആവേശമോ ലഹരിയോ ഒക്കെയായി മാറിക്കഴിഞ്ഞുവെന്നാണിതു സൂചിപ്പിക്കുന്നതെന്ന് മനശാസ്ത്രജ്ഞർ വിശദീകരിക്കുന്നു.

05. സ്വാശ്രയ പ്രവേശനം സർക്കാർ റാങ്ക് പട്ടികയിൽ നിന്നും വേണം.

സ്വാകാര്യ സ്വശ്രയ പ്രൊഫണൽ കോളേജുകളിലെ മുഴുവൻ വിദ്യാർത്ഥി പ്രവേശനവും സർക്കാർ തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നു നടത്തണമെന്ന് പ്രവേശന മേൽനോട്ടം വഹിക്കുന്ന ജസ്റ്റിസ് പി. എ മുഹമ്മദ് കമ്മിറ്റി തീരുമാനിച്ചു. പ്രവേശനത്തിനുവേി മാനേജുമെന്റുകൾക്ക് അപേക്ഷ നൽകുന്നവരെ പ്രവേശനപരീക്ഷയുടെ റാങ്ക് പട്ടികയിൽ നിന്ന് റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശിപ്പിക്കണം. എൻ. ആർ ഐ സീറ്റിൽ മാത്രം ഹയർ സെക്കൻഡറി പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടത്താം. അതേസമയം, ഈ തീരുമാനം നിയമ വിരുദ്ധമായതിനാൽ അംഗീകരിക്കില്ലെന്നും കോടതിയിൽ ചോദ്യം ചെയ്യുമെന്നും സ്വാശ്രയ കൊളേജ് മനേജ്മെന്റുകൾ അറിയിച്ചു. മാനേജ്മെന്റുകളുടെ കൺസർഷ്യമോ മാനേജ്മെന്റുകൾ ചുലതമപ്പെടുത്തുന്ന ഏജൻസിയോ പരീക്ഷ നടത്തി പ്രവേശനം നൽകാമെന്ന മാനേജ്മെന്റ്സ് അസോസിയേഷനുകളുടെ നിർദ്ദേശം കമ്മിറ്റി തളളി. പ്രവേശനത്തിനു മേൽനോട്ടം വഹിക്കാനും മാർഗ്ഗനിർദ്ദേശം നൽകാനുമാണ് കമ്മിറ്റിക്ക് അധികാരമെന്നും തീരുമാനങ്ങൾ മാനേജ്മെന്റുകളുടെ മേൽ അടിച്ചേൽപ്പിക്കുന്നത് കോടതിവിധികളുടെ നഗ്നമായ ലംഘനമാണെന്നും സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റ്സ് അസോസിയേഷൻ സെക്രട്ടറി ജോർജ്ജ് പോൾ ചൂിക്കാട്ടി. സർക്കാർ പ്രവേശന പരീക്ഷയുടെ റാങ്ക് പട്ടികയിൽ കടന്നുകൂടണമെങ്കിൽ പ്രത്യേക കോച്ചിങ് ക്ലാസ്സിൽ പങ്കെടുക്കണം. പ്ലസ് ട്യുവിന് 95% ശതമാനം മാർക്ക് കിട്ടിയാലും റാങ്ക് പട്ടികയിൽ വരണമെന്നില്ല. സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷ പിഴവുകളെ തുടർന്ന് 1999-ൽ കോടതി റദ്ദാക്കിയിരുന്നു. പീന്നിട് എല്ലാ വർഷവും തെറ്റായ ചോദ്യങ്ങൾ ചോദിക്കുകയും അത് മൂല്യ നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കുകയും പതിവാണെന്ന് കോടതി ചൂിക്കാട്ടിയിട്ടു്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ പരീക്ഷ മാത്രം ആധാരമാക്കി പ്രവേശനം നടത്തണമെന്നത് അംഗീകരിക്കാനാവില്ലെന്ന് ജോർജ്ജ് പോൾ പറഞ്ഞു. പ്രവേശനത്തിൽ ക്രമക്കേട് നടത്തിയിട്ടുോയെന്ന് പരിശോധിക്കാൻ മാത്രമേ മുഹമ്മദ് കമ്മിറ്റിക്ക് അധികാരമുളളൂവെന്ന് സ്വശ്രയ എഞ്ചിനീയറിങ്ങ് കോളേജ് മാനേജ്മെന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ജി. പി. സി. നായർ ചൂിക്കാട്ടി. ഇവിടെ കുഴപ്പം ഉാക്കി വിദ്യാർത്ഥികളെ മറ്റു സംസ്ഥാനത്തേയ്ക്ക് ഓടിക്കുന്ന പതിവു പരിപാടിക്കു മുന്നോടിയാണു ഈ തീരുമാനമെന്ന് ജി. പി. സി നായർ പറഞ്ഞു